എ. ശ്രീധരമേനോൻ

# കേരള രാഷ്ട്രീയചരിത്രം 1885-1957

## Political History of Kerala

കേരളരാഷ്ട്രീയചരിത്രത്തിലെ
നിർണ്ണായകമായ ഒരു
കാലഘട്ടത്തിന്റെ ചരിത്രം
ലളിതമായി പ്രതിപാദിക്കുന്ന ഗ്രന്ഥം.
ഇന്ത്യയുടെ സ്വാതന്ത്ര്യസമര
ചരിത്രത്തിൽ ഇടംനേടിയ
തിരുവിതാംകൂർ, കൊച്ചി, മലബാർ
തുടങ്ങിയയിടങ്ങളിലെ ജനകീയ
പ്രക്ഷോഭങ്ങൾമുതൽ കേരള
സംസ്ഥാനപ്പിറവിവരെ
പ്രമേയമാകുന്ന എ. ശ്രീധരമേനോന്റെ
ഈ ചരിത്രഗ്രന്ഥം സാധാരണ
വായനക്കാർക്കും ചരിത്ര
വിദ്യാർത്ഥികൾക്കും ഒരു ഉത്തമ
സഹായി ആയിരിക്കുമെന്നതിൽ
സംശയമില്ല.



കവർ ഡിസൈൻ : പ്രിയരഞ്ജൻലാൽ

ഡിസിബുക്സ്

www.dcbooks.com

ചരിത്രം

ISBN 978-81-264-1831-2

00007

9 788126 418312

E-book available POD

₹ 99

എ. ശ്രീധരമേനോൻ • കേരളരാഷ്ട്രീയചരിത്രം 1885 - 1957

ഡിസിബുക്സ്

7-ാം പതിപ്പ്

# കേരള രാഷ്ട്രീയചരിത്രം 1885-1957

## Political History of Kerala

എ. ശ്രീധരമേനോൻ



954 SRE/K
CASMTVK
1 5 6 5

DCB

56

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1565 Call No.

This book should be returned on or before the date last given below.

College of Avian Sciences & Management LIBRARY KVASU Thiruvazhamkunnu-678

954 SRE/K
CASMTVK
1565

College Library TVK
1565*

## പ്രൊഫ. എ. ശ്രീധരമേനോൻ
(1925–2010)

1925 ഡിസംബർ 18–ന് എറണാകുളത്ത് ജനനം. മദ്രാസ് സർവ്വകലാശാലയിൽ നിന്ന് ഒന്നാം റാങ്കോടെ ചരിത്രത്തിൽ എം.എ. ബിരുദം. ഹാർവാർഡ് സർവ്വകലാശാലയിൽനിന്ന് ഇന്റർനാഷണൽ റിലേഷൻസിൽ സ്പെഷ്യലൈസേഷനോടെ രാഷ്ട്രതന്ത്രത്തിൽ ബിരുദാനന്തരബിരുദം. കേരള സംസ്ഥാന ഗസറ്റിയേഴ്സ് എഡിറ്റർ (1958–'68), കേരളസർവ്വകലാശാലയുടെ രജിസ്ട്രാർ (1968–'77), കാലിക്കറ്റ് സർവ്വകലാശാലയിൽ യു ജി സി വിസിറ്റിങ് പ്രൊഫസർ (1978–'79). 1980–ൽ ഔദ്യോഗിക ജീവിതത്തിൽനിന്ന് വിരമിച്ചു. ദക്ഷിണേന്ത്യൻ ചരിത്രകോൺഗ്രസ്സിന്റെ അദ്ധ്യക്ഷപദവി വഹിച്ചു. *A Survey of Kerala History*, *Kerala and Freedom Struggle*, *Cultural Heritage of Kerala*, *കേരളചരിത്രം*, *കേരളസംസ്കാരം* തുടങ്ങി ഇരുപത്തിയഞ്ചിലേറെ കൃതികൾ. 2010 ജൂലൈയിൽ നിര്യാതനായി.

### പ്രൊഫ. എ. ശ്രീധരമേനോന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

കേരളചരിത്രശില്പികൾ
കേരളവും സ്വാതന്ത്ര്യസമരവും
സ്വതന്ത്രതിരുവിതാംകൂർ വാദവും സർ സി. പി. എന്ന വില്ലനും—
 വിട്ടുപോയ കണ്ണികൾ
അമേരിക്കൻ മോഡൽ അറബിക്കടലിൽ
സർ സി. പി. തിരുവിതാംകൂർ ചരിത്രത്തിൽ
സർ സി. പി.യും സ്വതന്ത്രതിരുവിതാംകൂറും ചരിത്രരേഖകളിലൂടെ
പുന്നപ്രവയലാറും കേരളചരിത്രവും
കേരളചരിത്രം
കേരളസംസ്കാരം
കേരളരാഷ്ട്രീയചരിത്രം (1885–1957)
ഇന്ത്യാചരിത്രം – 1
ഇന്ത്യാചരിത്രം – 2
Kerala and Freedom Struggle
Triumph and Tragedy in Travancore
A Survey of Kerala History
Cultural Heritage of Kerala
Kerala History and Its Makers
The Legacy of Kerala
Political History of Modern Kerala

പ്രൊഫ. എ. ശ്രീധരമേനോന്റെ
മറ്റു കൃതികൾ പരിചയപ്പെടുവാൻ
ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

പ്രൊഫ. എ. ശ്രീധരമേനോൻ

# കേരളരാഷ്ട്രീയചരിത്രം
1885–1957

ഡി സി ബുക്സ്

# ഉള്ളടക്കം


**പശ്ചാത്തലം** 9

കേരളത്തിന്റെ രാഷ്ട്രീയപാരമ്പര്യം – ആദ്യകാലത്തെ ജനകീയപ്രക്ഷോഭണങ്ങൾ

**തിരുവിതാംകൂറിലെ രാഷ്ട്രീയപ്രസ്ഥാനങ്ങൾ** 15

നിവേദനങ്ങളുടെ കാലഘട്ടം – സ്വദേശാഭിമാനി രാമകൃഷ്ണപിള്ള – നിയമസഭ പരിഷ്കരണം – പൗരാവകാശങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണം – ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദ്യത്തെ കാൽവയ്പ് – തീവ്രവാദപ്രവർത്തനം – വിപ്ലവകാരിയായ ചെമ്പകരാമൻപിള്ള – വൈക്കം സത്യാഗ്രഹവും മറ്റും – നിവർത്തനപ്രസ്ഥാനം – സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആവിർഭാവം – ഉത്തരവാദഭരണപ്രക്ഷോഭണം – കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ച – പുന്നപ്ര-വയലാർ സമരം (1946) – ഇന്ത്യൻ യൂണിയനോടുള്ള തിരുവിതാംകൂറിന്റെ ലയനം – ഉത്തരവാദഭരണസ്ഥാപനം – മന്ത്രിസഭകളുടെ അസ്ഥിരത – സോഷ്യലിസ്റ്റ് പാർട്ടികൾ – തിരുവിതാംകൂർ തമിഴ്നാട് കോൺഗ്രസ്സ്

**രാഷ്ട്രീയസംരംഭങ്ങൾ കൊച്ചിയിൽ** 51

കൊച്ചിയിലെ രാഷ്ട്രീയത്തിന്റെ സവിശേഷതകൾ – കൊച്ചി നിയമസഭയുടെ സ്ഥാപനം – കോൺഗ്രസ്സ് പ്രവർത്തനങ്ങളുടെ ആരംഭം – തൊഴിലാളിവർഗ്ഗപ്രസ്ഥാനങ്ങൾ – തൃശൂരിലെ വൈദ്യുതിപ്രക്ഷോഭണം – ദ്വിഭരണസമ്പ്രദായാവതരണം – ദ്വിഭരണസമ്പ്രദായത്തിന്റെ പ്രവർത്തനം – കൊച്ചിരാജ്യപ്രജാമണ്ഡലത്തിന്റെ വളർച്ച – ഉത്തരവാദഭരണത്തിനുവേണ്ടിയുള്ള പ്രക്ഷോഭണം – പ്രജാമണ്ഡലം ഭരണരംഗത്ത് – ഉത്തരവാദഭരണം കൊച്ചിയിൽ – പാലിയം സത്യാഗ്രഹം – തിരു-കൊച്ചി സംയോജനം

**മലബാറിലെ രാഷ്ട്രീയ പ്രക്ഷോഭങ്ങൾ** 65

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആവിർഭാവം – കോഴിക്കോട്ട് ടൗൺഹാൾ സംഭവം – വ്യവസ്ഥാപിതമാർഗ്ഗങ്ങളുടേതായ ഘട്ടം – മഞ്ചേരി രാഷ്ട്രീയ സമ്മേളനം (1920) – നിസ്സഹകരണവും ഖിലാഫത്ത് പ്രസ്ഥാനവും – മലബാർ ലഹള (1921) – മലബാർലഹളയ്ക്കു ശേഷമുള്ള രാഷ്ട്രീയം – പയ്യന്നൂർ രാഷ്ട്രീയ സമ്മേളനം (1928) – ഉപ്പുസത്യാഗ്രഹം – ഗുരുവായൂർ സത്യാഗ്രഹം – നിയമലംഘനപ്രസ്ഥാനം – കോൺഗ്രസ്സിനകത്തു സംഭവിച്ച വലത്—ഇടത് ധ്രുവീകരണം – മദ്രാ

സിലെ കോൺഗ്രസ്സ് മന്ത്രിസഭ - കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആരംഭം - സാമ്രാജ്യത്വത്തിന് എതിരായുള്ള സമരം - 'ക്വിറ്റ് ഇന്ത്യാ' പ്രസ്ഥാനം - സ്വാതന്ത്ര്യാനന്തര സംഭവവികാസങ്ങൾ - മുസ്ലിം ലീഗ്

**ഐക്യകേരളപ്രസ്ഥാനം** 91

പശ്ചാത്തലം - കോൺഗ്രസ്സും ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളും - ഐക്യകേരളത്തിനുവേണ്ടിയുള്ള അവകാശവാദം - കേരള സംസ്ഥാന പിറവി (1956)

**ഗ്രന്ഥസൂചിക** 97

## പശ്ചാത്തലം

ആധുനിക കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിനു രൂപംനല്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുള്ള സുപ്രധാന ഘടകങ്ങളിൽ ഒന്നാണ് ഇവിടത്തെ ജനകീയപ്രസ്ഥാനങ്ങൾ. ദേശീയമോ പ്രാദേശികമോ ആകട്ടെ, ഏതു കാഴ്ചപ്പാടിൽക്കൂടി നോക്കിയാലും, ഈ പ്രസ്ഥാനങ്ങൾ ചരിത്രപരമായി പ്രാധാന്യമർഹിക്കുന്നു, 19-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തോടെ രൂപംകൊണ്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും അതുപോലുള്ള മറ്റു ദേശീയപാർട്ടികളുടെയും നേതൃത്വത്തിൽ ശക്തിയാർജ്ജിച്ചു തുടങ്ങിയ ബഹുജനപ്രസ്ഥാനങ്ങൾ ഈ സംസ്ഥാനത്തിന്റെ രാഷ്ട്രീയവികാസത്തിലും അവയുടെ സ്വാധീനം ചെലുത്തി. ഇതിന്റെ ഫലമായി ഇവിടെ ഉടലെടുത്ത പല ജനകീയ പ്രസ്ഥാനങ്ങളും ഭാരതത്തിന്റെ ആധുനിക രാഷ്ട്രീയചരിത്രത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. എങ്കിലും പ്രാദേശികശക്തികളുടെ പരസ്പരപ്രവർത്തനങ്ങളിൽനിന്ന് ഉരുത്തിരിയുകയും പ്രാദേശികപ്രാധാന്യമുള്ള പ്രശ്നങ്ങളിൽ മാത്രം ഊന്നൽ നല്കുകയും ചെയ്തുകൊണ്ട്, തനി പ്രാദേശിക സമരങ്ങളുടെ സ്വഭാവം കൈവരിച്ച രാഷ്ട്രീയമുന്നേറ്റങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്.

### കേരളത്തിന്റെ രാഷ്ട്രീയപാരമ്പര്യം

ആദ്യമേതന്നെ ഒരുകാര്യം വ്യക്തമാക്കിക്കൊള്ളട്ടെ. അയൽസംസ്ഥാനമായ തമിഴ്നാട്ടിലേതിൽനിന്നു വ്യത്യസ്തമായ ഒരു രാഷ്ട്രീയപാരമ്പര്യത്തിന്റെ ഉടമയാണ് കേരളം. തമിഴ്നാട്ടിലെന്നപോലെ കേരള രാഷ്ട്രീയത്തിന്റെ ഗതിയിലും ദേശീയപ്രസ്ഥാനങ്ങൾ അവയുടെ മുദ്രപതിപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും ബ്രാഹ്മണമേധാവിത്വത്തിനെതിരെ തമിഴ്നാട്ടിലെ അബ്രാഹ്മണ വിഭാഗങ്ങൾ മുൻകയ്യെടുത്ത് സംഘടിപ്പിച്ചതും തികച്ചും പ്രാദേശികസ്വഭാവം മാത്രമുള്ളതുമായ ജസ്റ്റിസ് പാർട്ടി, ദ്രാവിഡകഴകംപോലുള്ള കക്ഷികൾ കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക വളർച്ചയിൽ എടുത്തുപറയത്തക്ക ഒരു സ്വാധീനവും ചെലുത്തിയിട്ടില്ല. ഇതിനു പല കാരണങ്ങളുമുണ്ട്. പ്രാചീന കാലം മുതല്ക്കുതന്നെ വർഗ്ഗനിരപേക്ഷതയിലും സഹിഷ്ണുതയിലും വിശ്വസിച്ചുപോന്ന ചിന്താഗതി കേരളീയരിൽ വളർന്നുവന്നതും ഒരു സംയുക്ത സംസ്കാരം ഇവിടെ രൂപംകൊണ്ടതുമാണ് സങ്കുചിതവീക്ഷണഗതിയുള്ള പ്രാദേശികപ്രസ്ഥാനങ്ങൾ ഇവിടെ സ്വാധീനം ചെലുത്തുന്നതിൽ പരാജയമടയാൻ പ്രധാന കാരണം. കേരളത്തിന്റെ വിവിധഭാഗങ്ങളിൽ ഭരണം നടത്തിയിരുന്ന രാജകുടുംബങ്ങൾ ഇന്നാട്ടിൽത്തന്നെയുള്ള നമ്പൂതിരി ബ്രാഹ്മ